(സി) രണ്ട് ഹെക്ടറിൽ താഴെ ഭൂവിസ്തൃതിയുള്ളവർക്ക് മാത്രമായി തർക്കപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കുവാൻ 2009-ൽ ഇ.എഫ്.എൽ. നിയമത്തിൽ വകുപ്പ് 10(എ) കൂട്ടിച്ചേർത്ത് ഭേദഗതി ചെയ്തിരുന്നു. എന്നാൽ വകുപ്പ് 10(എ) പ്രകാരം അപേക്ഷ നൽകുന്നതിനുള്ള കാലപരിധി നീട്ടിക്കൊടുക്കുക, 2 ഹെക്ടർ വരെയുള്ള ഇ.എഫ്.എൽ. സ്ഥലം ഉടമസ്ഥർക്ക് വിട്ടുകൊടുക്കുക, ഇ.എഫ്.എൽ. ഉടമസ്ഥർ ട്രൈബ്യൂണലുകളിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള കാലപരിധി നീട്ടിക്കൊടുക്കുക എന്നിവയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മീറ്റിംഗിലെ പ്രധാന തീരുമാനങ്ങൾ. ഇത് സംബന്ധിച്ച മിനിട്സിന്റെ പകർപ്പുകൾ അനുബന്ധമായി വയ്ക്കുന്നു.*

ഇ-വേയ്സ്റ്റ് ഡിസ്പോസൽ സംവിധാനം

218 (7781) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-വേയ്സ്റ്റ് ഡിസ്പോസൽ നടത്തുന്നതിന് പരിസ്ഥിതിവകുപ്പ് സംവിധാനം ഏർപ്പെടുത്തുമോ ;

(ബി) ഇ-വേയ്സ്റ്റ് റീസൈക്കിൾ ചെയ്ത് ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾക്ക് പ്രോത്സാഹനം നൽകുമോ ;

(സി) പാരിസ്ഥിതിക സംതുലനാവസ്ഥ തകർക്കുന്നതിൽ ഇ-വേയ്സ്റ്റ് എന്തുപങ്കാണ് വഹിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഇ-മാലിന്യങ്ങളുടെ സുരക്ഷിതമായ ശേഖരണം, സംഭരിക്കൽ, കയറ്റി അയയ്ക്കൽ, ശാസ്ത്രീയമായ നശിപ്പിക്കൽ എന്നിവ സംബന്ധിച്ചുള്ള നടപടിക്രമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും 1-1-2014-ലെ ജി.ഒ. (എംഎസ്.) 01/2014/പരി. നമ്പർ ഉത്തരവുപ്രകാരം സർക്കാർ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ ഇ-മാലിന്യം ശേഖരിച്ച് അന്യസംസ്ഥാനത്തുള്ള അംഗീകൃത റിസൈക്ലർ/ഡിസ്മാന്റലർക്ക് നൽകുന്നതിന് ഇ-മാലിന്യ ശേഖരണ സെന്ററുകൾക്ക് മലിനീകരണനിയന്ത്രണ ബോർഡിൽനിന്നും അനുമതി നൽകിവരുന്നു.

(ബി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഇ-മാലിന്യങ്ങൾ (ഇലക്ട്രോണിക്സ് & ഇലക്ട്രിക്കൽസ്) ശാസ്ത്രീയമായി ശേഖരിച്ച് സംസ്കരിക്കുന്ന പദ്ധതിക്കും പുനരുപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾക്കും രാജ്യത്തെ ഇതര സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളതും വിജയകരമായതുമായ പദ്ധതികൾ കണ്ടെത്തി പുതിയതരം ടെക്നോളജി ഉൾപ്പെടുത്തി അത്തരം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ക്ലീൻ കേരള കമ്പനി ടെൻഡർ ക്ഷണിച്ചിരിക്കയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്ലാസ്റ്റിക്, അപകടകാരികളായ ഘനലോഹങ്ങൾ, രസം, കാഡ്മിയം, ബെറിലിയം എന്നിവ അടങ്ങുന്ന ഇ-വേസ്റ്റുകൾ യഥാവിധി സംസ്കരിക്കാത്ത പക്ഷം പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നതാണ്. ഇ-മാലിന്യം വേർതിരിക്കാതെ ജൈവ മാലിന്യവുമായി ചേർത്ത് മണ്ണിനടിയിൽ മൂടുന്നതും ജലാശയങ്ങളിലും മറ്റും കളയുന്നതും തുറസ്സായി ഇത്തരം മാലിന്യം കത്തിക്കുന്നതും ജലം, വായു, മണ്ണ് ഇവയെല്ലാം മലിനപ്പെടുത്തുന്നതിന് കാരണമാകുന്നു.

പരിസ്ഥിതി-തീരസംരക്ഷണ നിയമം മറികടന്ന് നിർമ്മാണ പ്രവർത്തനം

219 (7782) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി-തീരസംരക്ഷണ നിയമം മറികടന്ന് ഫ്ളാറ്റും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും നടക്കുന്നത് സംബന്ധിച്ച് എത്ര പരാതികൾ പരിസ്ഥിതി വകുപ്പിന് ലഭിച്ചിട്ടുണ്ട് ;

(ബി) ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ചാണ് പരാതി ലഭിച്ചത് ;

(സി) ഈ പരാതികളിന്മേൽ ഓരോ നിർമ്മാണ പ്രവർത്തനത്തെയും സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഏതെല്ലാം പ്രവൃത്തികൾ സംബന്ധിച്ച് വിജിലൻസ് അടക്കമുള്ള പുതിയ അന്വേഷണത്തിന് തീരുമാനിച്ചിട്ടുണ്ടെന്നും ഏതെല്ലാം പ്രവൃത്തികൾ നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നുമുള്ള വിവരം നൽകുമോ ?

ഉത്തരം

(എ) 4 പരാതികൾ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പുകളിൽ ലഭിച്ചിട്ടുണ്ട്.

(ബി)

1. M/s Artech Realtors (P) Ltd., നെയ്യാറ്റിൻകര താലൂക്കിലെ കോട്ടുകാൽ പഞ്ചായത്തിൽ സമുദ്ര തീരത്ത് ബഹുനില കെട്ടിട നിർമ്മാണം.

2. കല്പതരു കോ-ഓപ്പറേറ്റീവ് സൊസൈറ്റി, 8/2079 ദ്വാരകാസദൻ, ഗുജറാത്തി റോഡ്, കൊച്ചി-682 002 എട്ടുനില ഫ്ളാറ്റ് നിർമ്മാണം.

3. M/s Perfect Health Care, പുതിയങ്ങാടി വില്ലേജ്, ഇടക്കാട് ദേശം, കോഴിക്കോട് ആശുപത്രി സമുച്ചയ നിർമ്മാണം.

4. ആക്കുളം കായൽ തീരത്ത് ഹീര കൺസ്ട്രക്ഷൻ ഫ്ളാറ്റ് നിർമ്മിക്കുന്നത് സംബന്ധിച്ച്.

LIBRARY ARCHIVES Kerala Legislative Assembly